Email:
contact.seckerala@gmail.com
electionker@gmail.com

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

12th July 2016

## തദ്ദേശഭരണ ഉപതിരഞ്ഞെടുപ്പിന് 81 നാമനിർദ്ദേശപത്രിക

സംസ്ഥാനത്തെ വിവിധ തദ്ദേശഭരണ സ്ഥാപനങ്ങളിലെ 15 മണ്ഡലങ്ങളിലേക്ക് ജൂലായ് 28-ന് നടക്കുന്ന ഉപതിരഞ്ഞെടുപ്പിന് സാധുവായ 81 നാമനിർദ്ദേശപത്രികകൾ ലഭിച്ചു. ആകെ ലഭിച്ച 102 പത്രികകളിൽ 21 എണ്ണം പിൻവലിക്കുകയോ, തള്ളുകയോ ചെയ്തിട്ടുണ്ട്. സ്ഥാനാർത്ഥിത്വം പിൻവലിക്കുന്നതിനുള്ള അവസാന സമയം ജൂലായ് 14-നു മൂന്നു മണിവരെയാണ്. സാധുവായ നാമനിർദ്ദേശക പത്രികകളുടെ വിശദാംശങ്ങൾ ചുവടെ.

| തദ്ദേശഭരണ സ്ഥാപനം | മണ്ഡലം | സാധുവായപത്രികകളുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം കോർപ്പറേഷൻ | പാപ്പനംകോട് | 06 |
| തൊളിക്കോട് ഗ്രാമപഞ്ചായത്ത് | തോട്ടമുക്ക് | 07 |
| വെട്ടൂർ ഗ്രാമപഞ്ചായത്ത് | അക്കരവിള | 06 |
| ചേർത്തല മുനിസിപ്പാലിറ്റി | സിവിൽ സ്റ്റേഷൻ | 07 |
| പാലമേൽ ഗ്രാമപഞ്ചായത്ത് | ആദികാട്ടുകുളങ്ങര ടൗൺ | 04 |
| മണർകാട് ഗ്രാമപഞ്ചായത്ത് | പറമ്പുകര | 04 |
| മാടപ്പള്ളി ഗ്രാമപഞ്ചായത്ത് | കണിച്ചുകുളം | 03 |
| കൊക്കയാർ ഗ്രാമപഞ്ചായത്ത് | മുളംകുന്ന് | 08 |
| തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റി | ചക്കംകുളങ്ങര | 04 |
| ശ്രീനാരായണപുരം ഗ്രാമപഞ്ചായത്ത് | പത്താഴക്കാട് | 05 |
| ഒറ്റപ്പാലം മുനിസിപ്പാലിറ്റി | കണ്ണിയംപുറം വായനശാല | 06 |
| ഊരകം ഗ്രാമപഞ്ചായത്ത് | ഒ.കെ.എം.വാർഡ് | 05 |
| ഓമശ്ശേരി ഗ്രാമപഞ്ചായത്ത് | ഓമശ്ശേരി ഈസ്റ്റ് | 06 |
| കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്ത് | അഞ്ചാംപീടിക | 03 |
| കാസർഗോഡ് ജില്ലാ പഞ്ചായത്ത് | ഉദുമ | 07 |

*(എസ്.ഇ.സി. 35/2016)*

*തുടരുന്നു.....2..*

## കൂറുമാറിയതിന് അയോഗ്യത

കൂറുമാറിയതിന് പന്തളം ഗ്രാമപഞ്ചായത്തിലെ മുൻ അംഗം കേരള കോൺഗ്രസ്സ് മാണിവിഭാഗത്തിലെ രാജൻ വർഗ്ഗീസിനെ (രാജു കല്ലുമൂട്) സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി.ഭാസ്കരൻ അയോഗ്യനാക്കി. പഞ്ചായത്ത് പ്രസിഡന്റ് സ്ഥാനത്തേക്ക് 2014 ഒക്ടോബർ 13-നു നടന്ന തിരഞ്ഞെടുപ്പ് യോഗത്തിൽ പാർട്ടി വിപ്പ് ലംഘിച്ച് സ്ഥാനാർത്ഥിയായി നിന്ന് എതിർ വിഭാഗത്തിൻെറ പിന്തുണയോടെ തിരഞ്ഞെടുക്കപ്പെട്ടതിനെ തുടർന്ന് മുൻ ഗ്രാമപഞ്ചായത്ത് പ്രസിഡന്റായിരുന്ന അഡ്വ.കെ.പ്രതാപൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ സമർപ്പിച്ച ഹർജിയിലാണ് തീരുമാനം. കൂറുമാറ്റ നിരോധന നിയമപ്രകാരം ആറു വർഷത്തേക്ക് തദ്ദേശഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിൽ മൽസരിക്കുന്നതിൽ നിന്നും കമ്മീഷൻ ഇദ്ദേഹത്തെ വിലക്കിയിട്ടുണ്ട്. ഹർജിക്കാരനുവേണ്ടി അഡ്വക്കേറ്റുമാരായ എം.ഹാഷിം ബാബു, എസ്.സജിത എന്നിവർ കമ്മീഷനിൽ ഹാജരായി.

*(എസ്.ഇ.സി. 36/2016)*